**മധുരമായ കുട്ടികളേ – ഈ പുരുഷോത്തമ സംഗമയുഗം മംഗളകാരിയായ യുഗമാണ്, ഇതിൽ തന്നെയാണ് പരിവർത്തനമുണ്ടാകുന്നത്, നിങ്ങൾ അധമരിൽ നിന്ന് ഉത്തമ പുരുഷരായി മാറുകയാണ്.**

**ചോദ്യം:–** ഈ ജ്ഞാനമാർഗ്ഗത്തിൽ ഏതൊരു കാര്യം ചിന്തിക്കുന്നതിലൂടെയോ പറയുന്നതിലൂടെയോ ഒരിക്കലും ഉന്നതി ഉണ്ടാകുകയില്ല?
**ഉത്തരം:–** ഡ്രാമയിലുണ്ടെങ്കിൽ പുരുഷാർത്ഥം ചെയ്യും. ഡ്രാമ ചെയ്യിപ്പിക്കുമെങ്കിൽ ചെയ്യാം. ഇങ്ങനെ പറയുന്നവരുടെയോ ചിന്തിക്കുന്നരുടെയോ ഉന്നതി ഒരിക്കലും ഉണ്ടാകുകയില്ല. ഇങ്ങനെ പറയുന്നതു തന്നെ തെറ്റാണ്. നിങ്ങൾക്കറിയാം ഇപ്പോൾ നമ്മൾ ഏതൊരു പുരുഷാർത്ഥമാണോ ചെയ്യുന്നത് അതും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. പുരുഷാർത്ഥം ചെയ്യുക തന്നെ വേണം.

**ഗീതം:–** ഇത് ദീപത്തിന്റെയും കൊടുങ്കാറ്റിന്റെയും കഥയാണ്....

**ഓം ശാന്തി.** ഇത് കലിയുഗത്തിലെ മനുഷ്യരുടെ ഗീതമാണ്. എന്നാൽ ഇതിന്റെ അർത്ഥം അവർക്കറിയില്ല. ഇത് നിങ്ങൾക്കറിയാം. നിങ്ങൾ ഇപ്പോൾ പുരുഷോത്തമ സംഗമയുഗികളാണ്. സംഗമയുഗത്തിനോടൊപ്പം പുരുഷോത്തമമെന്നും എഴുതണം. കുട്ടികൾക്ക് ജ്ഞാനത്തിന്റെ പോയിന്റുകൾ ഓർമ്മയില്ലാത്തതുകൊണ്ടാണ് പിന്നീട് ഇങ്ങനെ– ഇങ്ങനെയുള്ള അക്ഷരങ്ങൾ എഴുതാൻ മറന്നുപോകുന്നത്. ഇത് മുഖ്യമാണ്, ഇതിന്റെ അർത്ഥവും നിങ്ങൾക്ക് മാത്രമെ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. പുരുഷോത്തമ മാസവുമുണ്ട്. ഇത് പുരുഷോത്തമ സംഗമയുഗമാണ്. ഇത് സംഗമത്തിന്റെ ഒരു ആഘോഷമാണ്. ഈ ആഘോഷം വളരെ ഉയർന്നതാണ്. നിങ്ങൾക്കറിയാം ഇപ്പോൾ നമ്മൾ പുരുഷോത്തമരായി മാറുകയാണ്. ഉത്തമത്തിൽ വെച്ച് ഉത്തമ പുരുഷൻ. ലക്ഷ്മീ–നാരായണനെയാണ് ഉയർന്നതിലും വെച്ച് ഉയർന്ന ധനവാൻമാരിലും ധനവാനും നമ്പർവൺ എന്നു പറയുന്നത്. ശാസ്ത്രങ്ങളിൽ കാണിക്കുന്നുണ്ട് – വലിയ പ്രളയമുണ്ടായി എന്ന്. പിന്നീട് നമ്പർവണ്ണായ ശ്രീകൃഷ്ണൻ സാഗരത്തിലൂടെ ആലിലയിൽ വന്നു. ഇപ്പോൾ നിങ്ങൾ എന്തു പറയും? ശ്യാമ– സുന്ദരൻ എന്നു പറയുന്ന ശ്രീകൃഷ്ണനാണ് നമ്പർവൺ. വിരൽ കുടിച്ചുകൊണ്ടുവരുന്നതായാണ് കാണിക്കുന്നത്. കുട്ടിയാണെങ്കിൽ ഗർഭത്തിൽ തന്നെയായിരിക്കും ഉണ്ടായിരിക്കുക. അപ്പോൾ ശ്രീകൃഷ്ണനാണ് ആദ്യമാദ്യം ജ്ഞാനസാഗരത്തിൽ നിന്ന് ഉൽഭവിച്ച ഉത്തമത്തിൽ വെച്ച് ഉത്തമമായ പുരുഷൻ. ജ്ഞാന സാഗരനിൽ നിന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപനയുണ്ടാകുന്നു. അതിൽ ശ്രീകൃഷ്ണനാണ് നമ്പർവൺ പുരുഷോത്തമൻ പിന്നീട് ബാബയാണ് ജ്ഞാനത്തിന്റെ സാഗരൻ, വെള്ളത്തിന്റെയല്ല. പ്രളയവും ഉണ്ടാകുന്നില്ല. പല പുതിയ–പുതിയ കുട്ടികൾ വരുമ്പോൾ ബാബക്ക് പഴയ പോയിന്റുകൾ ആവർത്തിക്കേണ്ടിവരുന്നു. സത്യയുഗം–ത്രേതായുഗം, ദ്വാപരയുഗം–കലിയുഗം.... ഈ 4 യുഗങ്ങളുണ്ട്. പുരുഷോത്തമ സംഗമയുഗം അഞ്ചാമത്തേതാണ്. ഈ യുഗത്തിലാണ് മനുഷ്യർ പരിവർത്തനപ്പെടുന്നത്. മൂല്യമില്ലാത്തവരിൽ നിന്ന് സർവോത്തമരായി മാറുന്നു. ഏതുപോലെയാണോ ശിവബാബയെയും പുരുഷോത്തമൻ അഥവാ സർവോത്തമൻ എന്നു പറയാറുണ്ടല്ലോ. ബാബ പരമമായ ആത്മാവു തന്നെയാണ്, പരമാത്മാവ്. പിന്നീട് ലക്ഷ്മീ–നാരായണൻമാരാണ് പുരുഷൻമാരിൽ വെച്ച് ഉത്തമർ. അവരെ അങ്ങനെ ആക്കി മാറ്റിയതാരാണ്? ഇത് നിങ്ങൾ കുട്ടികൾക്കു മാത്രമെ അറിയുകയുള്ളൂ. കുട്ടികൾക്കും മനസ്സിലായിക്കഴിഞ്ഞു. ഈ സമയം നമ്മൾ ഇങ്ങനെയായി മാറാനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. പുരുഷാർത്ഥം പ്രയാസമുള്ളതൊന്നുമല്ല. വളരെ എളുപ്പമാണ്. പഠിക്കുന്നതും അബലകളും, കൂനികളുമാണ്, ഒന്നും എഴുതുകയോ പഠിക്കുകയോ ചെയ്യാത്തവർ. അവർക്കുവേണ്ടി എത്ര സഹജമായാണ് മനസ്സിലാക്കിതരുന്നത്. നോക്കൂ അഹമദാബാദിൽ ഒരു സന്യാസിയുണ്ട്, പറയുമായിരുന്നു ഞാൻ ഒന്നും തന്നെ കഴിക്കുകയോ കുടിക്കുകയോ ചെയ്യുന്നില്ല എന്ന്. ശരി ആരെങ്കിലും മുഴുവൻ ആയസ്സും കഴിക്കുകയോ കുടിക്കുകയോ ചെയ്യുന്നില്ല എങ്കിൽ പിന്നീട് എന്തു സംഭവിക്കും? പ്രാപ്തി ഒന്നും തന്നെയില്ലല്ലോ. ഒരു വൃക്ഷത്തിനാണെങ്കിലും കഴിക്കാൻ ലഭിക്കുന്നുണ്ടായിരിക്കുമല്ലോ. വളവും വെള്ളവും മുതലായവയെല്ലാം പ്രകൃതി ദത്തമായാണ് ലഭിക്കുന്നത്, അതിലൂടെ വൃക്ഷം വളർച്ച പ്രാപിക്കുന്നു. അതുപോലെ ആ സന്യാസിക്കും എന്തെങ്കിലുമെല്ലാം മായാജാലങ്ങൾ ലഭിച്ചിട്ടുണ്ടാകും. അങ്ങനെ തീയിലൂടെ നടക്കുന്നവരും, വെള്ളത്തിലൂടെ നടക്കുന്നവരും ഒരുപാടു പേരുണ്ട്. ഇതിലിപ്പോൾ എന്താണ് നേട്ടം. നിങ്ങളുടേതാണെങ്കിൽ ഈ സഹജ രാജയോഗത്തിലൂടെ ജന്മ–ജന്മാന്തരങ്ങൾക്കുള്ള നേട്ടമാണുള്ളത്. നിങ്ങളെ ജന്മ–ജന്മാന്തരങ്ങൾക്കുവേണ്ടി ദുഃഖിയിൽ നിന്നും സുഖിയാക്കി മാറ്റുന്നു. ബാബ പറയുന്നു – കുട്ടികളേ ഡ്രാമയനുസരിച്ച് ഞാൻ നിങ്ങൾക്ക് ഗുഹ്യമായ

രഹസ്യം പറഞ്ഞു തരുകയാണ്.
ബാബ മനസ്സിലാക്കി തന്നു ശിവനെയും ശങ്കരനെയും എന്തുകൊണ്ടാണ് ഒന്നാക്കിയത്? ശങ്കരനാണെങ്കിൽ ഈ സൃഷ്ടിയിൽ പാർട്ടേയില്ല. ശിവന്റെയും, ശങ്കരന്റെയും, വിഷ്ണുവിന്റെയും പാർട്ടാണുള്ളത് ബ്രഹ്മാവിന്റെയും വിഷ്ണുവിന്റെയും വിശ്വസേവനമാണ്. ഈ സമയം ശിവബാബക്കും പാർട്ടുണ്ട്, വന്ന് ജ്ഞാനം നൽകുന്നു. പിന്നീട് നിർവാണധാമത്തിലേക്കും പോകുന്നു. കുട്ടികൾക്ക് സമ്പാദ്യം കൊടുത്ത് സ്വയം വാനപ്രസ്ഥത്തിലേക്ക് പോകുന്നു. വാനപ്രസ്ഥിയായി മാറുക അർത്ഥം ഗുരുവിലൂടെ വാണിക്ക് ഉപരി പോകാനുള്ള പുരുഷാർത്ഥം ചെയ്യുക. എന്നാൽ ആർക്കും തിരിച്ചുപോകാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ വികാരിയും ഭ്രഷ്ഠാചാരിയുമാണ്. എല്ലാവരുടെയും ജന്മം വികാരത്തിലൂടെയാണ് ഉണ്ടാകുന്നത്. ഈ ലക്ഷ്മീ- നാരായണൻമാർ നിർവ്വികാരികളാണ്, അവരുടെ ജന്മം വികാരത്തിലൂടെയല്ല ഉണ്ടാകുന്നത് അതുകൊണ്ടാണ് ശ്രേഷ്ഠാചാരികളെന്നു പറയുന്നത്. കുമാരിമാരും നിർവ്വികാരികളാണ്- അതുകൊണ്ടാണ് അവരുടെ മുന്നിൽ തല കുനിക്കുന്നത്. അതുകൊണ്ട് ബാബ മനസ്സിലാക്കി തന്നു ഇവിടെ ശങ്കരന് ഒരു പാർട്ടും ഇല്ല, ബാക്കി പ്രജാപിതാബ്രഹ്മാവാണെങ്കിൽ പ്രജകളുടെ പിതാവായി മാറിയില്ലേ. ശിവബാബയാണെങ്കിൽ ആത്മാക്കളുടെ പിതാവെന്ന് പറയും. ബാബ അവിനാശിയായ പിതാവാണ്, ഈ ഗുഹ്യമായ കാര്യങ്ങൾ നല്ല രീതിയിൽ ധാരണ ചെയ്യണം. ആരാണോ വലിയ-വലിയ പണ്ഢിതർ അവർക്ക് ഒരുപാട് ടൈറ്റിലുകൾ ലഭിക്കുന്നു. ശ്രീ ശ്രീ 108ന്റെ ടൈറ്റിലും വിദ്വാൻമാർക്കാണ് ലഭിക്കുന്നത്. ബനാറസ് കോളേജിൽ നിന്ന് പാസായി ബിരുദം കൊണ്ടുവരുന്നു. അവർക്ക് ചെന്ന് മനസ്സിലാക്കികൊടുക്കണം എന്തെന്നാൽ ബാബയുടെയും ടൈറ്റിൽ തങ്ങളുടേതാക്കി മാറ്റിയിട്ടിരിക്കുകയാണെന്ന്, അതിനുവേണ്ടിയാണ് ബാബ ഗുപ്താജിയെ ബനാറസിലേക്ക് അയച്ചത് ബാബയെ ശ്രീ ശ്രീ 108 ജഗത്ഗുരു എന്നാണ് പറയുന്നത്. മാല തന്നെ 108 ന്റേതാണുള്ളത്. 8 രത്നത്തിന്റെ മഹിമയാണ് പാടപ്പെടുന്നത്. അവരാണ് പദവിയോടു കൂടി പാസായവർ അതുകൊണ്ടാണ് അവരെ ജപിക്കുന്നത്. പിന്നീട് അതിൽ കുറഞ്ഞത് 108 ന്റെ പൂജ ചെയ്യുന്നു. യജ്ഞം രചിക്കുമ്പോൾ ചിലർ 1000 സാളിഗ്രാമങ്ങളെ ഉണ്ടാക്കാറുണ്ട്, ചിലർ പത്തായിരം, ചിലർ അമ്പതിനായിരം, ചിലർ ലക്ഷങ്ങളും ഉണ്ടാക്കാറുണ്ട്. മണ്ണുകൊണ്ട് ഉണ്ടാക്കി പിന്നീട് യജ്ഞം രചിക്കുന്നു. വലിയ പണക്കാരാണെങ്കിൽ ലക്ഷക്കണക്കിനുണ്ടാക്കും. ബാബ മനസ്സിലാക്കിതന്നു മാല വലുതല്ലേ- 16108ന്റെ മാലയാണ് ഉണ്ടാക്കുന്നത്. ഇത് നിങ്ങൾ കുട്ടികൾക്ക് ബാബ ഇരുന്നു മനസ്സിലാക്കിതരികയാണ്. നിങ്ങളെല്ലാവരും ബാബയോടൊപ്പം ഭാരതത്തിന്റെ സേവനം ചെയ്യുകയാണ്. ബാബയുടെ പൂജയുണ്ടാകുന്നുണ്ടെങ്കിൽ കുട്ടികളുടെയും പൂജയുണ്ടാകണം, എന്നാൽ ഇതറിയില്ല രുദ്രന്റെ പൂജ എന്തുകൊണ്ടാണ് ഉണ്ടാകുന്നത്. എല്ലാവരും ശിവബാബയുടെ കുട്ടികളാണ്. ഈ സമയം സൃഷ്ടിയിലെ ജനസംഖ്യ എത്രയാണ്, ഇതിൽ എല്ലാ ആത്മാക്കളും ശിവബാബയുടെ കുട്ടികളായില്ലേ. എന്നാൽ എല്ലാവരും സഹയോഗികളാകില്ല. ഈ സമയം നിങ്ങൾ എത്ര ഓർമ്മിക്കുന്നുവോ അത്രയും ഉയർന്നവരായി മാറുന്നു. പൂജനീയ യോഗ്യരായി മാറുകയാണ്. ഇങ്ങനെ മറ്റാർക്കും മനസ്സിലാക്കിതരാനുള്ള ശക്തിയില്ല അതുകൊണ്ടാണ് പറയുന്നത് ഈശ്വരന്റെ പരിധി ആർക്കും അറിയില്ല. ബാബ തന്നെയാണ് വന്ന് മനസ്സിലാക്കി തരുന്നത്, ബാബയെ ജ്ഞാനത്തിന്റെ സാഗരൻ എന്നു പറയാറുണ്ടെങ്കിൽ തീർച്ചയായും ജ്ഞാനമല്ലേ നൽകുകയുള്ളൂ. പ്രേരണയുടെ കാര്യമൊന്നും ഉണ്ടാകുന്നില്ല. എന്താ ഭഗവാൻ പ്രേരണയിലൂടെയാണോ മനസ്സിലാക്കി തരുന്നത്. നിങ്ങൾക്കറിയാം ബാബയുടെ അടുത്ത് സൃഷ്ടിയുടെ ആദി-മദ്ധ്യ- അന്ത്യത്തിന്റെ ജ്ഞാനമുണ്ട്. അതാണ് പിന്നീട് നിങ്ങൾ കുട്ടികൾക്ക് കേൾപ്പിച്ചു തരുന്നത്. ഈ നിശ്ചയമുണ്ട്, എന്നാൽ നിശ്ചയമുണ്ടായിട്ടും ബാബയെ മറന്നുപോകുന്നു. പഠിപ്പിന്റെ സാരം ബാബയുടെ ഓർമ്മയാണ്. ഓർമ്മയുടെ യാത്രയിലൂടെ കർമ്മാതീത അവസ്ഥയെ പ്രാപ്തമാക്കാൻ സമയമെടുക്കും, ഇതിൽ തന്നെയാണ് മായയുടെ വിഘ്നങ്ങളുണ്ടാകുന്നത്. പഠിപ്പിൽ ഇത്രയും വിഘ്നങ്ങളുണ്ടാകുന്നില്ല. ഇപ്പോൾ ശങ്കരനെക്കുറിച്ച് പറയാറുള്ളത്, ശങ്കരൻ കണ്ണു തുറക്കുമ്പോൾ തന്നെ വിനാശമുണ്ടാകുന്നു, ഇത് പറയുന്നതും ശരിയല്ല. ബാബ പറയുന്നു- ഞാനും വിനാശം ചെയ്യിപ്പിക്കുന്നില്ല, ശങ്കരനും ചെയ്യുന്നില്ല, ഇത് തെറ്റാണ്. ദേവതകൾ പാപം ചെയ്യില്ലേ്ലാ. ഇപ്പോൾ ശിവബാബയിരുന്ന് ഈ കാര്യങ്ങൾ മനസ്സിലാക്കിതരുകയാണ്. ആത്മാവിന്റെ രഥമാണ് ഈ ശരീരം. ഓരോ ആത്മാവും അവനവന്റെ രഥത്തിൽ സവാരി ചെയ്യുന്നു. ബാബ പറയുന്നു ഞാൻ ബ്രഹ്മാവിന്റെ രഥം ആധാരമെടുക്കുകയാണ്, അതുകൊണ്ടാണ് എന്റെ ജന്മം ദിവ്യവും അലൗകികവുമെന്ന് പറയുന്നത്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ 84 ന്റെ ചക്രമുണ്ട്. ഇപ്പോൾ നമ്മൾ വീട്ടിലേക്ക് പോകുകയാണെന്നറിയാം, പിന്നീട് സ്വർഗ്ഗത്തിലേക്ക് വരും. ബാബ വളരെ സഹജമായി മനസ്സിലാക്കി തരുന്നു, ഇതിൽ നിരാശരാകരുത്. പറയുകയാണ് ഞങ്ങൾ എഴുതുകയോ- പഠിക്കുകയോ ചെയ്തിട്ടില്ല. വായിലൂടെ ഒന്നും തന്നെ വരുന്നില്ല. എന്നാൽ അങ്ങനെയൊന്നുമില്ല. വായ് തീർച്ചയായും പറയുക തന്നെ ചെയ്യും. ഭോജനം കഴിക്കുമ്പോൾ വായ് തുറക്കാറുണ്ടല്ലോ. വാക്കുകൾ വരുന്നില്ല എന്നത് സംഭവ്യമല്ല. ബാബ വളരെ എളുപ്പത്തിൽ മനസ്സിലാക്കിതന്നിട്ടുണ്ട്. ആരെങ്കിലും മൗനമായി ഇരിക്കുകയാണെങ്കിലും മുകളിലേക്ക് സൂചിപ്പിക്കാറുണ്ട് അവരെ ( ഈശ്വരനെ ) ഓർമ്മിക്കൂ. ദുഃഖത്തെ

ഹരിച്ച് സുഖം നൽകുന്നത് ഒരേയൊരു ദാതാവാണ്. ഭക്തിമാർഗ്ഗത്തിലും ദാതാവുണ്ടെങ്കിൽ ഈ സമയത്തും ദാതാവുണ്ട് പിന്നീട് വാനപ്രസ്ഥത്തിലാണെങ്കിൽ ശാന്തി മാത്രമെയുള്ളൂ. കുട്ടികളും ശാന്തിധാമത്തിലാണ് കഴിയുന്നത്. ഏതൊരു പാർട്ടാണ് അടങ്ങിയിട്ടുള്ളത്, അതാണ് അഭിനയത്തിലേക്ക് വരുന്നത്. ഇപ്പോൾ വിശ്വത്തെ പുതിയതാക്കി മാറ്റുക എന്നത് നമ്മളുടെ പാർട്ടാണ്. ബാബയുടെ പേര് വളരെ നല്ലതാണ് - സ്വർഗ്ഗസ്ഥനായ പിതാവ്. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. ബാബ നരകം രചിക്കുകയില്ലോ. ആരെങ്കിലും പഴയ ലോകം രചിക്കുമോ. കെട്ടിടം എപ്പോഴും പുതിയതാണ് ഉണ്ടാക്കുന്നത്. ശിവബാബ ബ്രഹ്മാവിലൂടെ പുതിയ ലോകം രചിക്കുന്നു. ഈ ബ്രഹ്മാവിന് പാർട്ട് ലഭിച്ചിരിക്കുകയാണ്- ഈ പഴയ ലോകത്തിൽ ഏതെല്ലാം മനുഷ്യരുണ്ടോ, എല്ലാവരും പരസ്പരം ദുഃഖം മാത്രമാണ് നൽകികൊണ്ടിരിക്കുന്നത്. നിങ്ങൾക്കറിയാം നമ്മൾ ശിവബാബയുടെ സന്താനങ്ങളാണ്. പിന്നീട് ശരീരധാരികളായ പ്രജാപിതാബ്രഹ്മാവിന്റെ കുട്ടികളാകുമ്പോൾ ദത്തെടുക്കപ്പെട്ടവരുമായി. രചയിതാവാകുന്ന ശിവബാബയാണ് നമ്മളെ ജ്ഞാനം കേൾപ്പിക്കുന്നത്, തന്റെ രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്നു. നിങ്ങളുടെ ലക്ഷ്യം തന്നെ ദേവതയായി മാറുക എന്നതാണ്. മനുഷ്യർ എത്ര പൈസ ചിലവാക്കിയാണ് മാർബിൾ മുതലായവ കൊണ്ട് മൂർത്തികളുണ്ടാക്കുന്നത്. ഇതാണ് ഈശ്വരീയ വിശ്വവിദ്യാലയം, ലോകത്തിലെ ഏറ്റവും വലിയ യൂനിവേർസിറ്റി. മുഴുവൻ വിശ്വത്തിനെയും പരിവർത്തനം ചെയ്യാൻ സാധിക്കും. അവരുടെ സ്വഭാവങ്ങളെല്ലാം തന്നെ ആസുരീയമാണ്. ആദി-മദ്ധ്യ അന്ത്യം ദുഃഖം നൽകുന്നതാണ്. ഇതാണ് ഈശ്വരനാൽ സ്ഥാപിക്കപ്പെട്ട വിദ്യാലയം. ഈശ്വരനാൽ സ്ഥാപിക്കപ്പെട്ട വിദ്യാലയം ഒന്നേ ഉണ്ടാകുകയുള്ളൂ, ഏതാണോ ഈശ്വരൻ വന്ന് തുറക്കുന്നത്, ഏതിലൂടെയാണോ മുഴുവൻ വിശ്വത്തിന്റെയും മംഗളമുണ്ടാകുന്നത്. നിങ്ങൾ കുട്ടികൾക്ക് തെറ്റിന്റെയും ശരിയുടെയും വിവേകം ലഭിക്കുകയാണ്. ഇത് മറ്റൊരു മനുഷ്യനുമില്ല മനസ്സിലാക്കുന്നവരായി. തെറ്റിനെയും ശരിയെയും മനസ്സിലാക്കി തരുന്നത് ഒരേയൊരു നീതിമാനായിരിക്കും, ആരെയാണോ സത്യം എന്നു പറയുന്നത്. ബാബ തന്നെയാണ് വന്ന് എല്ലാവരെയും ധാർമ്മികതയുള്ളവരാക്കി മാറ്റുന്നത്. ധാർമികരായി മാറുകയാണെങ്കിൽ മുക്തിയിൽ ചെന്ന് ജീവൻമുക്തിയിലേക്ക് വരും. ഡ്രാമയെയും നിങ്ങൾ കുട്ടികൾക്കു മാത്രമെ അറിയുകയുള്ളൂ. തുടക്കം മുതൽ അവസാനം വരെ നമ്പർവൈസായി പാർട്ടഭിനയിക്കാൻ വരുന്നു. ഈ കളി നടന്നുകൊണ്ടെയിരിക്കുന്നു. ഡ്രാമയുടെ ഷൂട്ടിങ്ങ് നടന്നുകൊണ്ടെയിരിക്കുകയാണ്. ഇത് സദാ സത്യമാണ്. ഈ നാടകം ഒരിക്കലും പഴയതാകുന്നില്ല, ബാക്കി എല്ലാ നാടകങ്ങളും വിനാശമാകുന്നു. ഇത് പരിധിയില്ലാത്ത അവിനാശിയായ നാടകമാണ്. ഇതിൽ എല്ലാവരും അവിനാശിയായ പാർട്ട് ധാരികളാണ്. അവിനാശിയായ കളി അഥവാ സ്റ്റേജ് എത്ര വലുതാണെന്ന് നോക്കൂ. ബാബ വന്നിട്ടാണ് പഴയ സൃഷ്ടിയെ പുതിയതാക്കി മാറ്റുന്നത്. അതെല്ലാം നിങ്ങൾക്ക് സാക്ഷാത്കാരമുണ്ടായിരിക്കും. എത്രത്തോളം അടുത്തേക്ക് വരുന്നുവോ അത്രത്തോളം സന്തോഷമുണ്ടാകും. സാക്ഷാത്കാരം ചെയ്യും. ഇപ്പോൾ പാർട്ട് പൂർത്തിയായെന്നു പറയും. ഡ്രാമക്ക് വീണ്ടും ആവർത്തിക്കുകയും വേണം. വീണ്ടും തുടക്കം മുതലേ പാർട്ടഭിനയിക്കും, എന്താണോ കല്പം മുമ്പേ അഭിനയിച്ചത്. ഇതിൽ അല്പം പോലും വ്യത്യാസമുണ്ടാകാൻ സാധിക്കില്ല, അതിനാൽ എത്രത്തോളം സാധിക്കുന്നുവോ അത്രത്തോളം നിങ്ങൾ കുട്ടികൾക്ക് ഉയർന്ന പദവി പ്രാപ്തമാക്കണം. പുരുഷാർത്ഥം ചെയ്യണം, നിരാശരാകരുത്. ഡ്രാമക്ക് എന്ത് ചെയ്യിപ്പിക്കണോ അത് ചെയ്യിപ്പിക്കും- ഇങ്ങനെ പറയുന്നതും തെറ്റാണ്. നമുക്ക് പുരുഷാർത്ഥം ചെയ്യുക തന്നെവേണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) പഠിപ്പിന്റെ സാരത്തെ ബുദ്ധിയിൽ വെച്ച് ഓർമ്മയുടെ യാത്രയിൽ കർമ്മാതീത അവസ്ഥയെ പ്രാപ്തമാക്കണം. ഉയർന്നവരും, പൂജനീയവുമാകുന്നതിനുവേണ്ടി ബാബയുടെ പൂർണ്ണമായ സഹയോഗികളായി മാറണം.

2) സത്യമായ ബാബയിലൂടെ ഏതൊരു ശരിയുടെയും-തെറ്റിന്റെയും വിവേകമാണോ ലഭിച്ചിട്ടുള്ളത്, അതിലൂടെ ധാർമ്മികതയുള്ളവരായി മാറി ജീവിത ബന്ധനത്തിൽ നിന്ന് മുക്തമാകണം. മുക്തിയുടെയും-ജീവിതമുക്തിയുടെയും സമ്പത്തെടുക്കണം.

**വരദാനം:- പരസ്പരം സ്നേഹത്തിന്റെ കൊടുക്കൽ-വാങ്ങലിലൂടെ സർവരെയും സഹയോഗിയാക്കുന്ന സഫലതാമൂർത്തിയായി ഭവിക്കട്ടെ.**

ഇപ്പോൾ ജ്ഞാനം കൊടുക്കുന്നതിന്റെയും വാങ്ങുന്നതിന്റെയും സ്റ്റേജ് കടന്നുപോയി, ഇനി സ്നേഹത്തിന്റെ കൊടുക്കൽ-വാങ്ങൽ ചെയ്യൂ. ഏതു സമയം വരുമ്പോഴും, സംബന്ധത്തിൽ വരുമ്പോഴും സ്നേഹം നൽകണം, നേടണം. -ഇതിനെയാണ് പറയുന്നത് സർവരുടെയും സ്നേഹി അഥവാ ലൗലി. ജ്ഞാനദാനം അജ്ഞാനികൾക്കാണ് ചെയ്യേണ്ടത്. എന്നാൽ ബ്രാഹ്മണപരിവാരത്തിൽ ഈ ദാനത്തിന്റെ മഹാദാനിയാകൂ. സങ്കൽപത്തിൽ പോലും ആരെയും പ്രതി സ്നേഹമല്ലാതെ മറ്റൊന്നും ജനിക്കരുത്. എപ്പോഴാണോ എല്ലാവരെയും പ്രതി സ്നേഹമുണ്ടാകുന്നത്, അപ്പോൾ സ്നേഹത്തിന്റെ പ്രതികരണമായി സഹയോഗമുണ്ടാകുന്നു, സഹയോഗത്തിന്റെ ഫലമായി സഫലത പ്രാപ്തമാകുന്നു.

**സ്ലോഗൻ:- ഒരു സെക്കൻഡിൽ വ്യർത്ഥസങ്കൽപങ്ങൾക്ക് ഫുൾസ്റ്റോപ് ഇടൂ- ഇതാണ് തീവ്രപുരുഷാർത്ഥം.**

## മാതേശ്വരീജിയുടെ അമൂല്യ മഹാവാക്യം

## മുക്തിയും മോക്ഷവും

ഇന്ന് മനുഷ്യർ മുക്തിയെ തന്നെയാണ് മോക്ഷമെന്ന് പറയുന്നത്, അവർ ഇങ്ങനെയാണ് മനസ്സിലാക്കുന്നത് ആരാണോ മുക്തി നേടുന്നത് അവർ ജനന മരണത്തിൽ നിന്ന് മുക്തമാകുന്നു. ജനന മരണത്തിലേക്ക് വരാതിരിക്കുക- ഇതിനെ തന്നെയാണ് അവർ ഉയർന്ന പദവിയെന്ന് മനസ്സിലാക്കുന്നത്, അതാണ് പ്രാലബ്ധമെന്ന് കരുതുന്നത്. ജീവിച്ചുകൊണ്ട് നല്ല കർമ്മം ചെയ്യുന്നതിനെയാണ് പിന്നീട് ജീവന്മുക്തിയെന്ന് മനസ്സിലാക്കുന്നത്. ഏതുപോലെയാണോ ധർമ്മാത്മാക്കളുള്ളത്. അവരുടേതാണ് ജീവൻമുക്തി എന്നാണ് മനസ്സിലാക്കുന്നത്. ബാക്കി കർമ്മ ബന്ധനത്തിൽ നിന്ന് മുക്തമാകണം എന്നത് കോടിയിൽ വിരളം പേർ മാത്രമാണ് മനസ്സിലാക്കുന്നത്, ഇപ്പോൾ ഇത് അവരുടേതായ മതമാണ്. എന്നൽ നമ്മൾ പരമാത്മാവിലൂടെ അറിഞ്ഞിരിക്കുന്നു ഏതുവരെ മനുഷ്യർ ആദ്യം വികാരി കർമബന്ധനത്തിൽ നിന്ന് മുക്തമാകുന്നില്ലയോ അതുവരെ ആദി മദ്ധ്യ അന്ത്യം ദുഃഖത്തിൽ നിന്നും മുക്തമാക്കാൻ സാധിക്കില്ല, ഇതിൽ നിന്നും മുക്തമാകുക ഇതും ഒരു സ്റ്റേജാണ്. അതും എപ്പോഴാണോ ആദ്യം ഈശ്വരീയ ജ്ഞാനത്തെ ധാരണ ചെയ്യുന്നത് അപ്പോൾ മാത്രമാണ് ആ സ്റ്റേജിൽ എത്താൻ സാധിക്കുക അതുപോലെ ആ സ്റ്റേജിൽ എത്തിക്കുന്ന സ്വയം പരമാത്മാവും വേണം എന്തുകൊണ്ടെന്നാൽ മുക്തിയും ജീവൻ മുക്തിയും നൽകുന്നത് അവരാണ്, അതും ഒരേ സമയത്ത് വന്ന് എല്ലാവർക്കും മുക്തിയും ജീവൻ മുക്തിയും നൽകുന്നു. അല്ലാതെ പരമാത്മാവ് അനേകം പ്രാവശ്യം വരുന്നില്ല, പരമാത്മാവാണ് എല്ലാ അവതാരങ്ങളും എടുക്കുന്നത് ഇങ്ങനെയും മനസ്സിലാക്കരുത്. ഓം ശാന്തി.

**അവ്യക്തസൂചന - സ്വയത്തെയും സർവരെയും പ്രതി മനസാ യോഗത്തിന്റെ ശക്തികളെ പ്രയോഗത്തിൽ കൊണ്ടുവരൂ**

മനസാസേവനം പരിധിയില്ലാത്ത സേവനമാണ്. എത്രത്തോളം താങ്കൾ മനസാ, വാചാ സ്വയം മാതൃകയാകുന്നുവോ, മാതൃക കണ്ട് സ്വതവേ ആകൃഷ്ടരാകും. കേവലം ദൃഢസങ്കൽപം വെക്കൂ എങ്കിൽ സഹജമായി സേവനം നടന്നുകൊണ്ടിരിക്കും. അഥവാ വാക്കുകൾക്ക് സമയമില്ലെങ്കിൽ മനോവൃത്തിയിലൂടെ മനസാ സേവനത്തിലൂടെ പരിവർത്തനം ചെയ്യുവാനുള്ള സമയം ഉണ്ടല്ലോ. ഇനി സേവനം കൂടാതെ സമയം നഷ്ടമാക്കിക്കളയരുത്. നിരന്തരയോഗി, നിരന്തരസേവാധാരിയാകൂ. അഥവാ മനസാസേവനം ചെയ്യാൻ അറിയില്ല എങ്കിൽ താങ്കളുടെ സമ്പർക്കത്തിലൂടെ സ്വന്തം പെരുമാറ്റത്തിലൂടെയും സേവനം ചെയ്യാൻ കഴിയും.